# ചന്ദ്രപ്രിയ

നീന പനയ്ക്കൽ

ചന്ദ്രപീഠത്തിൽ സദസ്സു കൂടി. ചന്ദ്രകാന്തിയിൽ സദസ്സു മിന്നി. രഥാശ്വങ്ങളുടെ കുളമ്പടി മുഴങ്ങി. അതാ ചന്ദ്രരാജാവ് എഴുന്നള്ളുന്നു. സദസ്സിൽ ആഹ്ലാദാരവം.

പിറകിൽ കുശുകുശുക്കുന്ന കശ്മലരെ തിരിഞ്ഞു നോക്കി ചുണ്ടത്തു വിരൽ വെച്ചു ജ്ഞാനികൾ വിലക്കി 'ശ്ശ്ശ്...'

സർവ്വാഭരണ വിഭൂഷിതനായി രാജാവ് പ്രവേശിച്ചു. സദസ്സ് ഒന്നായെഴുന്നേറ്റു. അഭിവാദനങ്ങൾ!!! രാജനഭിവാദനങ്ങൾ!!!!

'ചന്ദ്രനെപ്പോലെ' എന്ന് ഉപമിക്കപ്പെട്ട ആ മുഖമിന്ന് പ്രകാശിതമല്ല. ചെംചൊടികളിൽ മന്ദഹാസമില്ല. കൺകോണുകളിൽ പതിവുള്ള കുസൃതിയില്ല. അണിഞ്ഞിരുന്ന ചന്ദ്രഫലകമാവട്ടെ ഒട്ടും പ്രയോജനം ചെയ്തതുമില്ല.

താരാങ്ഗിണിയുടെ തിളക്കത്തിലും രാജാവിന് മ്ലാനത. സുന്ദരികളായ താരാകുമാരികൾ നൃത്തം വെച്ചു. നീലാകാശ യവനിക പലവട്ടം ഉയർന്ന് താണു. രാജാവിന് പ്രസാദമുണ്ടായില്ല.

കാമുകിമാർ ഒരിടത്തു കൂടിനിന്നു പരിഭവിച്ചു. എന്തേ എന്തേ രാജനിങ്ങനെ?

മന്ത്രിപ്രവരർ ഭക്തിപൂർവ്വം ആരാഞ്ഞു 'തിരുമനസ്സിലെ വ്യഥക്കു കാരണം?'

രോഷവും ആകുലതയും രാജമുഖത്തു പ്രത്യക്ഷമായി.

'മർത്ത്യൻ ചന്ദ്രനിൽ ചവിട്ടിയത്രെ. ചന്ദ്രനിൽ കുന്നും കുഴിയുമാണു പോലും' രാജാവിന്റെ വ്യഥ നിറഞ്ഞ വാക്കുകൾ 'ചന്ദ്രനിൽ ജലമില്ല , ജീവജാലമില്ല , ഉള്ളതു മുഴുവൻ കളങ്കമെന്ന്'

രാജാവിന്റെ പരിദേവനം നീണ്ടു നീണ്ടു പോയി. അതു കേട്ട് സദസ്സിൽ ജ്ഞാനികൾ നിശ്ശബ്ദരായി. തിരശ്ശീലയ്ക്കു പിന്നിൽ പിറുപിറുപ്പ്.

'രാജാവാണു പോലും! ധരയിലെ നരർക്ക് ഭഗവാനാണു പോലും.'

നിഗളിയായ ഒരു താരപ്പെണ്ണ് പരിഹസിച്ചു. 'ഭൂമിയെ വലം വെക്കുന്ന ചെറിയ ഒരു ഉപഗ്രഹം മാത്രമാണവൻ'.

'സൂര്യന്റെ കാരുണ്യം, സൂര്യപ്രകാശം ഒന്നു കൊണ്ടു മാത്രമാണ് താൻ തിളങ്ങുന്നതെന്ന സത്യം രാജൻ മറന്നതോ, മറച്ചു വെച്ചതോ?'

ഒരുത്തി പുച്ഛിച്ചു.

'സ്വന്തമായി പ്രകാശിക്കാൻ കഴിവുള്ള നമ്മെക്കൊണ്ടവൻ നൃത്തം ആടിച്ചില്ലേ ദാസികളെപ്പോലെ' അന്ത:പുര നർത്തകികൾ കൂടിനിന്ന് പരിഭവിച്ചു.

'അങ്ങു ദൂരെ ക്ഷോണിയിൽ കവികൾ പുകഴ്ത്തിയപ്പോൾ ഇങ്ങു ഉയരെ ചന്ദ്രരാജന് പൊങ്ങച്ചം. അവൻ സ്വയം മറന്നു. സത്യമല്ലാത്തതിനെ വാക്കുകൾ കൊണ്ടു സത്യമാക്കിക്കാട്ടാൻ സത്യത്തിൽ കഴിവുണ്ട് ക്ഷിതിയിലെ കവികൾക്ക്.' ഒരുത്തിക്കു ചിരി അടക്കാൻ സാധിക്കുന്നില്ല. തിളങ്ങുന്ന വിരൽത്തുമ്പുകൾ കൊണ്ടവൾ വായ് പൊത്തി.

'മനുജന്റെ പുകഴ്ത്തൽ കേട്ടു മതിമറന്നു മന്ദഹസിച്ചല്ലോ രാജൻ ഇത്രയും നാൾ. ഇനിയവൻ പുച്ഛിക്കുന്നതു കേട്ട് കരയട്ടെ.കുഴപ്പമൊന്നുമില്ല' അസൂയാലുവായ ഒരു വിദൂഷകൻ ആത്മഗതമെന്നോണം ഉറക്കെപ്പറഞ്ഞു. 'അവനതു വേണം'

ആരോരുമറിയാതെ ചന്ദ്രനെ സ്നേഹിച്ച ഹൃദയത്തിൽ വെച്ച് ആരാധിച്ച കൊച്ചു താരകപ്പെണ്ണ് എല്ലാം കേട്ടു. അവളുടെ കണ്ണുകൾ നിറഞ്ഞു. പാവം എന്റെ രാജൻ. അവൾ വിതുമ്പി.

സ്നേഹിക്കുന്നു എന്നു ഭാവിച്ചവർ, ആവശ്യത്തിനും ആവശ്യത്തിൽ ഏറെയും പുകഴ്ത്തിയവർ നിന്ദിരന്നതു കേൾക്കുമ്പോൾ സഹിക്കുന്നില്ല.

നിശയിൽ പൗർണ്ണമിച്ചന്ദ്രൻ നീട്ടിക്കൊടുക്കുന്ന പൂനിലാവു പുതച്ച് നാണം പൂണ്ടു നിന്ന ഭൂമിയിൽ കവികളും കാമുകഹൃദയങ്ങളും കോരിത്തരിക്കുന്നതു കണ്ട് എത്രമാത്രം രാജനെക്കുറിച്ച് അഭിമാനിച്ചു. ഞാൻ സ്നേഹിക്കുന്ന എന്റെ രാജനെ. അവൾ തേങ്ങി. പൂർണ്ണചന്ദ്രനായി തേജസ്വരൂപനായി വിളങ്ങുമ്പോഴും കൃശഗാത്രനായി വെറുമൊരു നഖത്തുണ്ടു പോലെ നിൽക്കുമ്പോഴും രാജന്റെ പാദ ശുശ്രുഷ ചെയ്യാൻ ഞാൻ ഒരുക്കമായിന്നു. അവളുടെ ഉള്ളം നൊന്തു. അവൻ എന്നെ കണ്ടതേയില്ല.

കണ്ണുകളിൽ നിറഞ്ഞു വന്ന വേദനയെ കവിളുകളിലേക്ക് ഒഴുകാൻ അനുവദിക്കാതെ തുരു തുരേ അവൾ കണ്ണു ചിമ്മി. മനുഷ്യർ കൃതഘ്നരെങ്കിലും ഈ കണ്ണുനീർ വീണു ഭൂമി ഭസ്മം ആകണ്ട.

അവൾ തിരിഞ്ഞു രാജാവിനെ നോക്കി. വിഷാദാമഗ്നനായി സിംഹാസനത്തിലിരിക്കുന്ന ചന്ദ്രനോട് അവൾ അൽപ്പം കൂടി അടുത്തു നിന്നു.